"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിജിലൻസ് വകുപ്പ്- കോട്ടയം എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിയുടെ 2024-2025 വർഷത്തിലെ ഭരണറിപ്പോർട്ട്- പ്രത്യവലോകനം ചെയ്ത് അംഗീകരിച്ച് ഉത്തരവ് പുറപ്പെട്ടുവിക്കുന്നു.

---

**വിജിലൻസ്(സി) വകുപ്പ്**

സ.ഉ.(അച്ചടി) നം.7/2025/VIG തിരുവനന്തപുരം തീയതി,21-08-2025.

---

പരാമർശം:- കോട്ടയം എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ് കോടതിയുടെ 17.05.2025 തീയതിയിലെ എ.551/2025/ഇസികെ നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ് കോടതിയുടെ 2024-2025 വർഷത്തെ ഭരണറിപ്പോർട്ട് പ്രത്യവലോകനം ചെയ്ത് രേഖപ്പെടുത്തുന്നു.

2. അഴിമതി നിരോധന നിയമപ്രകാരം കേരളത്തിൽ സ്ഥാപിതമായിട്ടുള്ള ആറ് സ്പെഷ്യൽ കോടതികളിൽ ഒന്നാണ് കോട്ടയം ആസ്ഥാനമായി പ്രവർത്തിക്കുന്ന ഈ കോടതി. 08.07.2008 ലെ സ.ഉ(കൈ) നമ്പർ 20/2008/വിജി പ്രകാരം സ്ഥാപിതമായ ഈ കോടതി പ്രവർത്തനം ആരംഭിച്ചത് 27.09.2008 ലാണ്. ആലപ്പുഴ, കോട്ടയം എന്നീ 2 റവന്യൂ ജില്ലകളാണ് ഈ കോടതിയുടെ അധികാര പരിധിയിൽ വരുന്നത്.

3. അഴിമതി നിരോധന നിയമത്തിൽ പ്രതിപാദിക്കപ്പെടുന്ന കുറ്റങ്ങൾ പ്രകാരവും ഇന്ത്യൻ ശിക്ഷാ നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരവും ചാർജ്ജ് ചെയ്യപ്പെട്ട പ്രതികളെയാണ് ഈ കോടതിയിൽ വിചാരണ ചെയ്യുന്നത്. കൂടാതെ എൻക്വയറി കമ്മീഷണർ എന്ന നിലയിൽ 1980- ലെ കേരള സിവിൽ സർവ്വീസസ് (വിജിലൻസ് ട്രൈബ്യൂണൽ) ചട്ടങ്ങൾ പ്രകാരം വിജിലൻസ് ട്രൈബ്യൂണലിനുള്ള എല്ലാ അധികാരങ്ങളും ഈ കോടതിയിൽ നിക്ഷിപ്തമാണ്.

4. റിപ്പോർട്ട് വർഷം ശ്രീ. മനോജ് എം. എൻക്വയറി കമ്മിഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജിയുടെ ചുമതല വഹിച്ചു വന്നിരുന്നു.

5. റിപ്പോർട്ട് വർഷാരംഭത്തിൽ ഈ കോടതിയുടെ പരിഗണനയിൽ 247 കേസുകൾ നിലവിലുണ്ടായിരുന്നു. പുതുതായി 33 കേസ്സുകൾ ഫയൽ ചെയ്തിട്ടുണ്ട്. നടപ്പു വർഷത്തിൽ 13 കലണ്ടർ കേസ്സുകൾ തീർപ്പു കൽപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് വർഷാവസാനം 267 കേസ്സുകൾ ബാക്കി നിൽക്കുന്നുണ്ട്. റിപ്പോർട്ട് വർഷാരംഭത്തിൽ 101 പ്രഥമ വിവര റിപ്പോർട്ടുകൾ ഈ കോടതിയിൽ ബാക്കി നിൽപ്പുണ്ടായിരുന്നു. പുതുതായി 11 പ്രഥമ വിവര റിപ്പോർട്ടുകൾ ഫയൽ ചെയ്യുകയുമുണ്ടായി.

അവയിൽ 24 എണ്ണത്തിൽ തീർപ്പുകൽപ്പിച്ചിട്ടുണ്ട്. വർഷാവസാനം 88 പ്രഥമ വിവര റിപ്പോർട്ടുകൾ ബാക്കി നിൽക്കുന്നുണ്ട്.

6. റിപ്പോർട്ട് വർഷം ഈ കോടതിയുടെ പ്രവർത്തനത്തിനായി 1,21,82,379/- രൂപ(ഒരു കോടി ഇരുപത്തിയൊന്ന് ലക്ഷത്തി എൺപത്തിരണ്ടായിരത്തി മുന്നൂറ്റി എഴുപത്തിയൊൻപത് രൂപ മാത്രം) ചെലവായിട്ടുണ്ട്. കോർട്ട് ഫീ സ്റ്റാമ്പ് ഇനത്തിൽ 24,913/- (ഇരുപത്തി നാലായിരത്തി തൊള്ളായിരത്തി പതിമൂന്ന് രൂപ മാത്രം) രൂപ വരവുണ്ടായിട്ടുണ്ട്.

7. റിപ്പോർട്ട് വർഷം ഈ കോടതിയുടെ പ്രവർത്തനം തൃപ്തികരമായിരുന്നുവെന്ന് വിലയിരുത്തുന്നു.

8. അംഗീകരിച്ച ഭരണ റിപ്പോർട്ട് ഈ ഉത്തരവിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ ശിവദാസൻ
അഡിഷണൽ സെക്രട്ടറി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഹയർ ഓഡിറ്റ്(എച്ച്.എ.സെൽ)) കേരളം, തിരുവനന്തപുരം.
എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ്, കോട്ടയം.
ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് ഇൻ ഗവൺമെന്റ്, തിരുവനന്തപുരം.
ചെയർമാൻ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ, ന്യൂഡൽഹി (ആമുഖ കത്ത് സഹിതം).
പൊതുഭരണ (പി.എസ്) വകുപ്പ്.
വിവര പൊതുജന സമ്പർക്ക (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്.
സംഭരണ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Smitha. V. V
Date: 21-08-2025 14:39:49
സെക്ഷൻ ഓഫീസർ